## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6205** **20.11.2019-ൽ മറുപടിയ്ക്ക്**

### ബ്രോയിലർ കോഴികളിൽ വ്യാപകമായി ഹോർമോൺ കുത്തിവയ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി**<br>**,, സി.മമ്മൂട്ടി**<br>**,, അബ്ദുൽ ഹമീദ് പി**<br>**,, പാറക്കൽ അബ്ദുല്ല** | | **അഡ്വ.കെ.രാജു**<br>**(വനം,മൃഗസംരക്ഷണം**<br>**ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി)** |
| എ) | ബ്രോയിലർ കോഴികളിൽ വ്യാപകമായി ഹോർമോൺ/ആന്റിബയോട്ടിക് കുത്തിവയ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | കണ്ടെത്തിയിട്ടില്ല. |
| ബി) | ഇത് ആരോഗ്യത്തിന് ഹാനികരമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) | ഇറച്ചിക്കോഴി വിപണിയിൽ വില്പനയ്ക്കെത്തുമ്പോൾ ആന്റിബയോട്ടിക്/ ഹോർമോൺ എന്നിവ ഹാനികരമായ അളവിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ എറണാകുളത്ത് മരടിലുള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർ മറൈൻ, അഗ്രിക്കൾച്ചർ & ലൈവ് സ്റ്റോക്ക് പ്രോഡക്ട്സ് (SLMAP) എന്ന ലാബിൽ സർവെയ് ലൻസ് പരിശോധനകൾ നടത്തുന്നുണ്ട്. |
| സി) | ഇറച്ചിക്കോഴികളുടെ വിലവർദ്ധനവ് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) | കേരളത്തിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഇറച്ചിക്കോഴികളുടെ വില വർദ്ധനവ് തടയുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു<br>മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കു ന്നതാണ്. ഇതിന് പുറമേ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ജഴ്സിഫാമിൽ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി. ഓരോ ആഴ്ചയിലും 40,000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. തൃശ്ശൂർ ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ കീഴിൽ ഒരു ഹാച്ചറി പ്രവർത്തിച്ചു വരുന്നു.<br>**കെപ്കോ**യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനനകേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്ത് വരുന്നു.<br>കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 40-45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമുണ്ടാകുമ്പോൾ കെപ്കോ തന്നെ വില കൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനു പുറമേ കോൺട്രാക്റ്റ് ഫാമിംഗ് രീതിയും നടപ്പാക്കി വരുന്നു. കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നു വരുന്നതനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിന് കൂടുതൽ പാരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി എന്നിവരുമായി സഹകരിച്ചു കൊണ്ട് **കേരള ചിക്കൻ** പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ **കുടുംബശ്രീ**യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. പുതിയ ബ്രോയിലർ ഫാമുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും കർഷകർക്ക് കുടുംബശ്രീ സാമ്പത്തിക സഹായം നൽകി വരുന്നു. ഉല്പാദനം മുതൽ |

| | | | | |
|---|---|---|---|---|
| | | | | വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു വേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പാരന്റ് പക്ഷികൾ (ബ്രീഡർസ്റ്റോക്ക്) മുതൽ ഹാച്ചറികൾ, മാംസസംസ്കരണത്തിനുള്ള റെൻഡറിങ്ങ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉൽപ്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു |

സെക്ഷൻ ഓഫീസർ